## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1590 | 04.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

### ചരക്ക സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക സേവന നികുതി നടപ്പാക്കുന്നത് സംസ്ഥാനത്തെ നികുതി പിരിവിനെ ഏത് രീതിയിൽ സ്വാധീനിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം കൂടി സംസ്ഥാനത്തിന് ലഭിക്കും. ഇത് കേരളത്തിന് നേട്ടമുണ്ടാക്കുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.<br>പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഢംബര നികുതി , എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, |

| | | | |
|---|---|---|---|
| | | | അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ് സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി. എസ്. ടി. നടപ്പാകുമ്പോൾ ഇവയെല്ലാം ജി. എസ്. ടി. യിൽ ലയിക്കുന്നതാണ്. ജി. എസ്. ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി. യും സംസ്ഥാനങ്ങൾ എസ്.ജി.എസ്. ടി. യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി. ചുമത്തുന്നത് കേന്ദ്ര സർക്കാരാണ്. |
| (ബി) | പ്രസ്തുത നികുതി നടപ്പിൽ വരുമ്പോൾ ഉണ്ടാകുന്ന പ്രാരംഭ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | മാതൃകാ ജി.എസ്.ടി നിയമത്തെ ആസ്പദമാക്കി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർകോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ചുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നു വരികയുമാണ്. ഇത്തരത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും, ട്രെയിനർമാർക്കും പഞ്ചദിന ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിന് തുടർച്ചയായി ഫീൽഡ് ഓഫീസർമാർക്കും മറ്റുമുള്ള പരിശീലന പരിപാടികൾ ഒക്ടോബർ ആദ്യവാരം മുതൽ തുടർച്ചയായി നടത്തി ഡിസംബർ 2016 നകം തീർക്കുവാനുള്ള കാര്യപരിപാടിയുടെ കരട് തയ്യാറാക്കി വരികയാണ്.<br>കരട് എസ്.ജി.എസ്.ടി നിയമത്തിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വ്യാപാരികൾക്കും നികുതി കൺസൾട്ടന്റുമാരും അക്കൗണ്ടന്റുമാരും ഉൾപ്പെടെയുള്ളവർക്ക് ബോധവൽക്ക |

| | | | |
|---|---|---|---|
| | | | രണവും പരിശീലനവും നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത നികുതി സമ്പ്രദായത്തിൽ വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം ഏത് രീതിയിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | ചരക്ക് സേവന നികുതി സമ്പ്രദായത്തിൽ വ്യാപാരികളേയും ബന്ധപ്പെട്ട വകുപ്പുകളേയും ബന്ധിപ്പിക്കുന്ന പ്രവർത്തനത്തിനു വേണ്ടിയുള്ള വിവര സാങ്കേതിക common portal വികസിപ്പിച്ചെടുക്കുന്നത് Goods & Service Tax Network (GSTN) ആണ്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.<br>ജി.എസ്.ടി നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്ന സംസ്ഥാനങ്ങളെ Model 1 എന്നും Backend module GSTN തയ്യാറാക്കി നൽകുന്ന സംസ്ഥാനങ്ങളെ Model 2 ആയും തരംതിരിച്ചിട്ടുണ്ട്. കേരളം മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ മോഡൽ ഒന്നിലാണ് ഉൾപ്പെട്ടിട്ടുള്ളത്. Backend module വികസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. ഇതിനായി വിദഗ്ധരെ തിരഞ്ഞെടുക്കുന്നതിനു വേണ്ടിയിട്ടുള്ള പരീക്ഷകളും മറ്റും ഒക്ടോബർ ആദ്യവാരം NIC യുടെ സഹായത്തോടെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**